(സി) ഇന്നൊവേഷൻ മേഖലയുമായി ബന്ധമുള്ള പ്രധാന വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരേയും പ്രത്യേക മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ച അനുദ്യോഗ സ്ഥൻമാരേയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു മുഴുവൻ സമയ ചെയർമാന്റെ അദ്ധ്യക്ഷതയിലാണ് കേന്ദ്ര ഇന്നൊവേഷൻ കൗൺസിൽ രൂപീകരിച്ചിട്ടുള്ളത്. അതേ മാതൃകയിലാണ് സംസ്ഥാന ഇന്നൊവേഷൻ കൗൺസിലും രൂപീകരിച്ചിട്ടുള്ളത്.

കൗൺസിലിന്റെ 1-10-2014-ലെ യോഗത്തിന്റെ മിനിറ്റ്സ് അനുബന്ധമായി വയ്ക്കുന്നു*

നീര ഉല്പാദനത്തിനും വിതരണത്തിനും അനുമതി

7 (*7) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ഉല്പാദിപ്പിക്കുന്നതിനും വിതരണം നടത്തുന്നതിനും എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ;

(ബി) നീരയുടെ ഉല്പാദനത്തിനും വിതരണത്തിനും വേണ്ടി ബന്ധപ്പെട്ട നിയമങ്ങളിൽ മാറ്റം വരുത്താൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) നീരയുടെ ഉല്പാദനവും വിതരണവും നിരീക്ഷിക്കാനും നിയന്ത്രിക്കാനും ഭരണതലത്തിൽ സംവിധാനം ഒരുക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു)

(എ) 23-9-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 160/2013/നി.വ. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിന്, കള്ളുഷാപ്പുകൾ വില്പന നടക്കാത്തതിനാൽ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ, ഒന്നിൽ കൂടുതൽ യൂണിറ്റുകൾക്കും മറ്റ് ജില്ലകളിൽ ഓരോ യൂണിറ്റുകൾക്കും നീര ഉല്പാദിപ്പിക്കുവാൻ ആദ്യഘട്ടത്തിൽ എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സംസ്ഥാന ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി/സമിതി, കോക്കനട്ട് പ്രൊഡ്യൂസർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഫെഡറേഷൻ, കേരള കാർഷികസർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെലവപ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്ക് ലൈസൻസ് നൽകി സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിൽ സംസ്ഥാനത്താകെ 63 നാളികേര ഉല്പാദക ഫെഡറേഷനുകളുടെ യൂണിറ്റുകൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്.

(ബി) നീരയുടെ ഉൽപ്പാദനവും വിതരണവും നിയമവിധേയമാക്കുന്നതിന്റെ ഭാഗമായി 14-2-2014-ലെ ജി.ഒ.(പി) 27/2014/ നി.വ. പ്രകാരം "ദി കേരള സ്വീറ്റ് റ്റോഡി (നീര) റൂൾസ് 2014" പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ടി റൂൾസ് പ്രകാരമാണ് സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും അനുമതി നൽകിയിട്ടുള്ളത്.

(സി) നീരയുടെ ഉല്പാദനവും വിതരണവും നിരീക്ഷിക്കുന്നതിന്റേയും നിയന്ത്രിക്കുന്നതിന്റേയും ഭാഗമായി "ദി കേരള സ്വീറ്റ് റ്റോഡി (നീര) റൂൾസ് 2014" പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. കൂടാതെ കൃഷി-എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച്, കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും 13-5-2014-ലെ ജി.ഒ. (എംഎസ്.) 66/2014/നി.വ പ്രകാരം നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്. തെങ്ങുകൃഷി കൂടുതൽ ആദായകരമായി നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനും നീരയെ ഒരു ആരോഗ്യ പാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലും വിപണനം ചെയ്യുവാനുള്ള സാഹചര്യ ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്.

വാഹനാപകടങ്ങളെക്കുറിച്ചുള്ള ഇടക്കാല റിപ്പോർട്ട്

8 (*8) <u>ശ്രീമതി ഗീതാ ഗോപി</u> :

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> :

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷന്റെ ഇടക്കാല റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും ശിപാർശകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly